## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 279** **22-02-2022 - ൽ മറുപടിയ്ക്ക്**

## സുഭിക്ഷ ഹോട്ടൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഓരോ നിയോജകമണ്ഡലത്തിലും സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച സുഭിക്ഷ ഹോട്ടൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം ലഭ്യമാക്കുക വഴി പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശത്തോടെ 2017ൽ ആലപ്പുഴ ജില്ലയിലാണ് സുഭിക്ഷ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 20 രൂപയ്ക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഒന്നും, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ട് വീതവും സുഭിക്ഷ ഹോട്ടലുകൾ നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒന്നാം വാർഷികത്തോടനുബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ച് പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. സർക്കാരിന്റെ രണ്ടാം 100 ദിനകർമ്മ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ ലഭ്യമാക്കാൻ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | തിരുവമ്പാടി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ? | (ബി) | അപേക്ഷകൾ ഒന്നും നിലവിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ